LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## ഏഴാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1986 മാർച്ച് 20, വ്യാഴം

വാല്യം LXVI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 1986 മാർച്ച് 20-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു).

### (i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

കുടിയേറ്റ ഭൂമിയുടെ ജോയിന്റ് വെരിഫിക്കേഷൻ

* 67 [71] ശ്രീ. വി. ജെ. തങ്കപ്പൻ:
ഡോക്ടർ കെ. സി. ജോസഫ്:
ശ്രീ. ടി. എസ്. ജോൺ:
,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 ജനുവരി 1-ാം തീയതിക്കു മുൻപ് കുടിയേറിപ്പാർത്ത കൈവശക്കൃഷിക്കാർക്ക് പട്ടയം നൽകുന്നതിന്റെ പ്രാരംഭ നടപടി എന്ന നിലയിൽ എവിടെയെല്ലാം ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ട്;

(ബി) എത്ര ഏക്കർ ഭൂമി വെരിഫിക്കേഷന് വിധേയമാക്കി;

(സി) ഇതിൽ എത്ര കുടുംബങ്ങൾ ഉണ്ട്;

(ഡി) ഇനി എവിടെയെല്ലാം വെരിഫിക്കേഷൻ നടത്തുവാനുണ്ട്;

(ഇ) ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് ഏതെല്ലാം ജില്ലകളിലെത് പൂർത്തിയായി;

(എഫ്) എന്നത്തേക്ക് വെരിഫിക്കേഷൻ നടപടി പൂർത്തീകരിക്കുവാൻ കഴിയും;

(ജി) റിപ്പോർട്ട് കിട്ടിയിടത്തോളം കേന്ദ്രാനുമതിക്ക് കൊടുത്തോ;

(എച്ച്) എങ്കിൽ പട്ടയം കൊടുക്കുവാൻ അനുമതി ലഭിച്ചുവോ;

(ഐ) ഉണ്ടെങ്കിൽ ലഭിച്ച തീയതിയും ഓർഡർ നമ്പരും വെളിപ്പെടുത്താമോ;

(ജെ) ഇല്ലെങ്കിൽ എന്താണ് തടസ്സം;

(കെ) തടസ്സങ്ങൾ തരണംചെയ്തു പട്ടയം നൽകുവാനും പ്രഖ്യാപിത നയം നടപ്പാക്കുവാനും എന്തു നടപടികളാണ് ഗവൺമെൻറ് സ്വീകരിക്കുന്നത്?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) 1977 ജനുവരി 1-ാം. തീയതിക്ക് മുൻപ് കുടിയേറിപ്പാർത്ത കൈവശക്കൃഷിക്കാരിൽ പതിവിന് അർഹരായവരെ നിശ്ചയിക്കുന്നതിന് റവന്യൂ-വനം വകുപ്പുദ്യോഗസ്ഥൻമാർ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്.

(ബി) ഏകദേശം 1,14,700 ഏക്കർ ഭൂമി വെരിഫിക്കേഷന് വിധേയമാക്കിയിട്ടുണ്ട്.

(സി) ഉദ്ദേശം 81538 കൈവശക്കാർ.

(ഡി, ഇ) പത്തനംതിട്ട ജില്ലയൊഴികെ ബാക്കി എല്ലാ ജില്ലകളിലും വെരിഫിക്കേഷൻ മിക്കവാറും പൂർത്തിയായി.

(എഫ്) ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിഞ്ഞേക്കും.

(ജി) വിശദവിവരങ്ങളടങ്ങിയ അവസാന ലിസ്റ്റ് ഏപ്രിൽ മാസത്തിൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്.

(എച്ച്, ഐ) ഉദിക്കുന്നില്ല.

(ജെ, കെ) കേന്ദ്ര വനസംരക്ഷണ നിയമത്തിൽ അനുശാസിക്കുന്ന പ്രൊഫോർമാപ്രകാരമുള്ള ലിസ്റ്റ് ഇതിനുവേണ്ടി ആവശ്യപ്പെട്ടിരിക്കുന്നതിനാൽ പ്രസ്തുത ജോലിയിൽ വ്യാപൃതരായിരിക്കുകയാണ്, അതു ശരിയാക്കി ഏപ്രിൽ മാസത്തിൽ നൽകാൻ സാധിക്കും.

ശ്രീ. വി. ജെ. തങ്കപ്പൻ: ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം വനഭൂമി കൈയേറിയ കയ്യേറ്റക്കാർ 1977-നുമുൻപുള്ള കയ്യേറ്റക്കാരാണെന്നു ബോദ്ധ്യപ്പെടുത്താൻവേണ്ടി പത്തുപതിനഞ്ചുവർഷം പഴക്കമുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച്, ജോയിൻറ് വെരിഫിക്കേഷൻറെ ഉദ്ദേശത്തെ പരാജയപ്പെടുത്തുന്ന വിവരം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു തടയാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. പി. ജെ. ജോസഫ്: റവന്യൂവകുപ്പിലെയും വനംവകുപ്പിലെയും ഉദ്യോഗസ്ഥൻമാരാണ് വെരിഫിക്കേഷൻ നടത്തിയിട്ടുള്ളത്. ഡിഫോറസ്റ്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുടെ പഴക്കം അതിൽ ഒരു കാര്യം മാത്രമാണ്. പല കാര്യങ്ങളും പരിശോധിച്ച് എല്ലാം കൂടി നോക്കി 1977–ന് മുൻപ് കൈവശമുണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ മാത്രമേ ഈ കാര്യത്തിൽ അവർക്ക് അനുകൂലമായ തീരുമാനമുണ്ടാകുകയുള്ളൂ.

ശ്രീ. വി. ജെ. തങ്കപ്പൻ: സർക്കാർ ഭൂമിക്ക് പട്ടയം നൽകുമ്പോൾ ഒരു നിശ്ചിത ശതമാനം ഭൂമി ഹരിജനങ്ങൾക്ക് മാത്രമായി വിതരണം ചെയ്യണം എന്ന നിയമമുണ്ട്. 1,14,700 ഏക്കർ ഭൂമിയാണ് പട്ടയം നൽകാൻ നിശ്ചയിച്ചിരിക്കുന്നത്.—അതിൽ നിശ്ചിത ശതമാനം ഹരിജനങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: ഭൂമി കൈവശക്കാർക്ക് കൊടുക്കുവാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ഇതിനു മുൻപ് 1957–ലും, 1967–ലും ഒക്കെ പട്ടയം കൊടുത്ത സമയത്ത് നിശ്ചിത ഡേറ്റിന് മുൻപുള്ളവർക്കാണ് പട്ടയം കൊടുത്തത്. ഈ കാര്യത്തിൽ ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം എത്രാണ്ട് നിശ്ചിത ശതമാനമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

ഡോക്ടർ കെ. സി. ജോസഫ്: ജോയിന്റ് വെരിഫിക്കേഷൻ എവിടെയെല്ലാം നടത്തി എന്ന ചോദ്യത്തിന് തൃശൂർ ജില്ലവരെയുള്ള ജില്ലകളുടെ പേര് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇനി എവിടെയെല്ലാം ജോയിന്റ് വെരിഫിക്കേഷൻ നടത്താനുണ്ട് എന്നുള്ള ചോദ്യത്തിന് പത്തനംതിട്ട ജില്ലയിൽ കുറേഭാഗത്തുകൂടി നടത്താനുണ്ടെന്നു പറഞ്ഞു. മലബാർ ജില്ലകളിൽ, തൃശൂരിന് അപ്പുറമുള്ള ജില്ലകളിൽ 1977 ജനുവരി ഒന്നിന് മുൻപ് കൈവശംവച്ചു കൃഷിചെയ്യുന്ന കൃഷിക്കാർ ധാരാളമുണ്ട്. ഒന്നാമത്തെ ചോദ്യത്തിൽതന്നെ പറയുന്ന 1,14,000 ഏക്കർ ഭൂമി 81,000 കുടുംബങ്ങളുടെ കൈയിലാണ്. ഒന്നരയേക്കറിൽ കൂടുതൽ ആരുടേയും കയ്യിലില്ല. അങ്ങനെയുള്ള ചെറുകിട കൃഷിക്കാർ താമസിക്കുന്ന മലബാർ പ്രദേശത്ത് ജോയിന്റ് വെരിഫിക്കേഷൻ എന്തുകൊണ്ടാണ് നടത്താതിരുന്നത്? അത് നടത്തി എന്നത്തേക്ക് റിപ്പോർട്ട് ശേഖരിക്കുവാൻ കഴിയും എന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്?

ശ്രീ. പി. ജെ. ജോസഫ്: റിസർവ്വ് വനങ്ങളിൽ മാത്രമാണ് വെരിഫിക്കേഷൻ നടത്തിയിട്ടുള്ളത്. മറ്റു പ്രദേശങ്ങളുടേത് നിയമപരമായ കാര്യങ്ങളാണ്, അതിന് തീരുമാനമെടുത്തിട്ടില്ല.

ഡോക്ടർ കെ. സി. ജോസഫ്: നടപടികളെല്ലാം പൂർത്തീകരിച്ച് ഏപ്രിൽ മാസത്തിൽ കേന്ദ്രാനുമതിക്ക് കൊടുക്കുമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഭാഗികമായി ഇത് എന്നെങ്കിലും കേന്ദ്രാനുമതിക്ക് അയച്ചു കൊടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന് എന്തു മറുപടിയാണ് കേന്ദ്ര ഗവൺമെന്റ് നൽകിയത് എന്നു വ്യക്തമാക്കണം.

ശ്രീ. പി. ജെ. ജോസഫ്: ഒരുവർഷംമുൻപ് ലിസ്റ്റ് കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചിരുന്നു. കേന്ദ്രത്തിൽ നിന്നും കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെടുകയുണ്ടായി. ആ വിശദാംശങ്ങളടങ്ങിയ ഫൈനൽ റിപ്പോർട്ടാണ് ഇപ്പോൾ കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എസ്. ജോൺ: ഈ നിലയിൽപോയാൽ എത്ര നാളുകൊണ്ടു പട്ടയം കൊടുക്കുവാൻ കഴിയും എന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്?

ശ്രീ. പി. ജെ. ജോസഫ്: ഏതാനും ദിവസങ്ങൾക്കു മുമ്പാണ് ജോയിന്റ് വെരിഫിക്കേഷൻ ഈ സ്റ്റേജിൽ എത്തിയിരിക്കുന്നത്. അതിന്റെ പ്രൊഫോർമ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഒരു മാസത്തിനുള്ളിൽ കേന്ദ്രഗവൺമെന്റിലേക്ക് ഇതു കൊടുക്കുവാൻ കഴിയും. അങ്ങനെയാണ് ഇപ്പോൾ കാര്യങ്ങൾ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നത്.

ശ്രീ. ടി. എസ്. ജോൺ: റിസർവ്വ് ഫോറസ്റ്റിൽ താമസിക്കുന്നവരും പ്രൈവറ്റ് ഫോറസ്റ്റിൽ താമസിക്കുന്നവരും തമ്മിൽ വ്യത്യാസമുണ്ടോ? ഉണ്ടെങ്കിൽ എന്തുവ്യത്യാസമാണെന്നു വ്യക്തമാക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: ഗവൺമെന്റ് ആ കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണ്. സ്വകാര്യവനഭൂമിയിൽ താമസിക്കുന്ന കൈവശക്കാരുടെ കാര്യം നിയമസഭയിൽ പല പ്രാവശ്യം ഉയർന്നുവരുകയുണ്ടായി. അതിനെക്കുറിച്ച് തീരുമാനം എടുത്തിട്ടില്ല.

ശ്രീ. പി. പി. ജോർജ്: ഒരുവർഷം മുൻപയച്ച റിപ്പോർട്ടാണ്. കൂടുതൽ വിശദാംശങ്ങൾക്കുവേണ്ടി കേന്ദ്രഗവൺമെന്റിൽനിന്നും തിരിച്ചയച്ചു. കൂടുതൽ വിശദാംശങ്ങൾ രേഖപ്പെടുത്തി അയയ്ക്കുന്നുണ്ടെന്നും പറഞ്ഞു. എന്താണ് കൂടുതൽ വിശദാംശങ്ങൾ, അവിടെ താമസിക്കുന്നതു മനുഷ്യരാണോയെന്നാണോ? എന്തു കൂടുതൽ വിശദാംശങ്ങളാണ് കേന്ദ്രം ആവശ്യപ്പെട്ടത് എന്നു വിശദീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: പ്രൊഫോർമായിൽ പറഞ്ഞിട്ടുള്ള പല കാര്യങ്ങളുണ്ട്. ഏകദേശമായിട്ടുള്ള റിപ്പോർട്ടാണ് കൊടുത്തിട്ടുള്ളത്. അതിന്റെ വിശദാംശങ്ങൾ, മ്യാപ്പുകൾ തുടങ്ങിയ കാര്യങ്ങൾ ആണ് വിശദാംശങ്ങളായി ആവശ്യപ്പെട്ടത്.

ശ്രീ. പി. സി. ജോർജ്: എന്റെ ചോദ്യത്തിന് ഉത്തരം പറഞ്ഞില്ല. കേന്ദ്രത്തിൽനിന്നും കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഉടൻതന്നെ കൂടുതൽ വിശദാംശങ്ങൾ അറിയിക്കും എന്നു പറഞ്ഞു. എന്താണ് കൂടുതൽ വിശദാംശങ്ങൾ എന്നാണ് അറിയേണ്ടത്.

ശ്രീ. പി. ജെ. ജോസഫ്: കേന്ദ്രഗവൺമെന്റിൽ നിന്നുള്ള പ്രൊഫോർമാ അനുസരിച്ചുള്ള ചില കാര്യങ്ങളിൽ കുറവുണ്ടായിരുന്നു. അതെല്ലാം ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ഇപ്പോൾ പറയുന്നത് ശരിയായിരിക്കുകയില്ല.

ശ്രീ. പി. സി. ജോർജ്: നിക്ഷിപ്ത വനഭൂമിക്ക് പട്ടയം കൊടുക്കുന്ന കാര്യത്തിൽ എന്തോ തടസ്സമുള്ളതുപോലെ തോന്നി. ഗവൺമെന്റിന്റെ നിക്ഷിപ്തവനഭൂമിക്ക് പട്ടയം കൊടുക്കുന്നതിന്, 1-1-1977-ന് മുൻപ് കുടിയേറിയ ആളുകൾക്ക് പട്ടയം കൊടുക്കുന്നതിന്, കൂടുതൽ വിശദാംശങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമില്ലെന്നാണ് എനിക്കുതോന്നുന്നത്. കാരണം അതു ഗവൺമെൻറിൽ നിക്ഷിപ്തമാണ്. അങ്ങനെയാണെങ്കിൽ മലബാർ പ്രദേശത്തു കുടിയേറിയിരിക്കുന്ന സാധുക്കളായ കൃഷിക്കാർക്ക് ഭൂമികൊടുക്കുന്നതിന് ഇത്രമാത്രം ഡിസ്ക്രിമിനേഷൻ കാണിക്കുന്നതു ശരിയാണോ? ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിന്റെ മുഖമായ നന്നാക്കുന്നതിനുവേണ്ടി ഈ കാര്യത്തിൽ നല്ല തീരുമാനമെടുക്കുന്നതിനു തയ്യാറാകുമോ?

ശ്രീ. പി. ജെ. ജോസഫ്: ഞാൻ അതിനു മറുപടി പറഞ്ഞുകഴിഞ്ഞു. മലബാർ പ്രദേശത്ത് നിക്ഷിപ്ത വനഭൂമിയിലുള്ള ആളുകൾ 1977–ന് മുൻപുള്ളു കൈവശക്കാരാണെന്നും അവർക്കു പട്ടയം കൊടുക്കണമെന്നും ഉള്ള ആവശ്യം ഇവിടെ പലപ്പോഴും ഉയർന്നുവന്നിട്ടുള്ളതാണ്. ആ കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പി. പ്രഭാകരൻ: ഏതാണ്ട് ഒരുവർഷം മുൻപുതന്നെ ഇതിന്റെ ലിസ്റ്റ് തയ്യാറായിക്കഴിഞ്ഞതാണ്. അടിയന്തിരമായി കേന്ദ്രഗവൺമെൻറിലേക്ക് അംഗീകാരം വാങ്ങാൻ റെവന്യൂബോർഡ് മെമ്പർ ശ്രീ. സക്കറിയാ മാത്യുവിനെ സ്പെഷ്യൽ മെസഞ്ചറായിട്ട് അയയ്ക്കുകയും ചെയ്തുകഴിഞ്ഞിട്ട് ഒരുവർഷം കഴിഞ്ഞു. ഇപ്പോഴും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോഴും വെരിഫിക്കേഷൻ പൂർത്തിയായിട്ടില്ല എന്നു പറയുന്നു. ഈ ഒരുവർഷം എന്താണ് ചെയ്തത്? കേരളാ കോൺഗ്രസിന്റെ കയ്യിൽ റവന്യൂ വകുപ്പ് ഇരിക്കുന്നതാണോ ഇതിനു തടസ്സം? അതിന്റെ കാരണം എന്താണ്?

ശ്രീ. പി. ജെ. ജോസഫ്: ഒരുവർഷം മുൻപ് ലിസ്റ്റ് കൊടുത്തകാര്യം ഞാൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. കൂടുതൽ വിശദാംശങ്ങൾക്കുവേണ്ടി അതു തിരിച്ചയച്ചു. ഇപ്പോൾ ഫോറസ്റ്റ് റവന്യൂ വകുപ്പുകൾ ഒന്നിച്ചുചേർന്ന് അതിനെക്കുറിച്ചുള്ള അവസാനരൂപം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഒരു മാസത്തിനുള്ളിൽ സമർപ്പിക്കും.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ 1,14,000 ഏക്കർ ഭൂമി കൈവശക്കാർക്ക് പട്ടയം കൊടുക്കാൻ പോകുന്നു എന്നു പറഞ്ഞു. അതിൽ ഹരിജനങ്ങൾക്ക് എത്ര ഭൂമി കിട്ടും എന്നു ചോദിച്ചപ്പോൾ വ്യക്തമായ മറുപടി പറഞ്ഞില്ല. കൃഷിയോഗ്യമായ വനഭൂമി പതിച്ചുകൊടുക്കുമ്പോൾ മൂന്നിലൊന്ന് ഹരിജനങ്ങൾക്കുകൊടുക്കണമെന്ന വ്യവസ്ഥ നിലവിലുണ്ട്. ആ വ്യവസ്ഥയനുസരിച്ച് കയ്യേറ്റം നടത്താൻ കഴിവില്ലാത്ത പാവപ്പെട്ട ഹരിജനങ്ങൾക്ക് പട്ടയം കൊടുക്കാൻ കഴിയും എന്ന വിശ്വാസം ഇല്ല. ആ വ്യവസ്ഥ അനുസരിച്ച് 1,14,000 ഏക്കർ ഭൂമി പതിച്ചു കൊടുക്കുമ്പോൾ തത്തുല്യമായ, അർഹമായ പ്രാതിനിധ്യം അവർക്കു കിട്ടിയില്ലെങ്കിൽ അതിനനുസൃതമായി മൂന്നിലൊന്നു ഭൂമി അവർക്കു പതിച്ചുകൊടുക്കാൻ ആവശ്യമായ നടപടിസ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: പരിശോധിക്കാവുന്ന നിർദ്ദേശമാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: മലബാർ പ്രദേശത്തെ സംബന്ധിച്ചിടത്തോളം റിസർവ് ഫോറസ്റ്റിൽ ഒരു ഇഞ്ചു ഭൂമിപോലും കൈയേറ്റം നടത്തിയിട്ടില്ല. പക്ഷേ റിസർവ് വനങ്ങളെ സംബന്ധിച്ചിടത്തോളം വളരെക്കാലങ്ങളായി അവിടെ ആളുകൾ താമസിക്കുന്നുണ്ട്. ആ സമയത്ത് അതിനുവേണ്ടി 'നിയമ

LIBRARY ARCHIVES Kerala Legislative Assembly

പരമായി അവർ കോടതിയിൽ പോയില്ലെന്നുള്ള കാരണംകൊണ്ട് അവർക്ക് നീതി നിഷേധിക്കുന്നത് ശരിയാണോ? പാവപ്പെട്ട കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഈ കാര്യങ്ങൾ പരിഗണിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. ജെ. ജോസഫ്: അത് ഞാൻ പറഞ്ഞു കഴിഞ്ഞു. അത് ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: ജോയിൻറ് വെരിഫിക്കേഷനിൽ 81,156 ആളുകളുടെ പ്രശ്നം പരിഹരിച്ചുഎന്നു പറഞ്ഞു. ഇവർക്ക് വേറെ ഭൂമി ഉണ്ടോ എന്നുള്ളത് അന്വേഷിച്ചിട്ടുണ്ടോ? അഞ്ചും പത്തും ഏക്കർ ഭൂമി വേറെ സ്ഥലങ്ങളിലുള്ളവരാണ് ഈ എൺപത്തോരായിരത്തിൽ ചിലരുടെ പേരിൽ ഉള്ളത് എന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ജെ. ജോസഫ്: ലാൻറ് അസൈൻമെൻറ് റൂൾസ് അനുസരിച്ച് കൂടുതൽ ഭൂമിയുള്ളവർക്ക് പതിച്ചുകൊടുക്കാൻ കഴിയുകയില്ല. അതുകൊണ്ട് അധികം ഭൂമിയുള്ളവർക്ക് ഒരുകാരണവശാലും ഭൂമി പതിച്ചുകൊടുക്കുന്നതിന് സാധിക്കുകയില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: പുതിയ ഫോറസ്റ്റ് ആക്ട് വന്നതുകൊണ്ട് ഈ സ്റ്റേറ്റിനുള്ള അധികാരം മുഴുവൻ കേന്ദ്രം കവർന്നെടുത്തു. അതു കൊണ്ടാണ് പട്ടയം കൊടുക്കാൻ ഇത്രയും വൈകിയത്. അതുകൊണ്ട് ഈ ഫോറസ്റ്റ് ആക്ടിൽ ഭേദഗതി വരുത്താൻവേണ്ടി കേരളാ ഗവൺമെൻറ് വല്ല നടപടിയും സ്വീകരിക്കുമോ? കേന്ദ്ര ഗവൺമെൻറിനോട് അഭ്യർത്ഥിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അഖിലേന്ത്യാടിസ്ഥാനത്തിൽ വനം സംരക്ഷിക്കുന്നതിനുവേണ്ടി പാസ്സാക്കിയിരിക്കുന്ന ഒരു നിയമമുണ്ട്. അതിനാവശ്യമായ എക്സംപ്ഷൻസ് കാലാകാലങ്ങളിൽ കേന്ദ്ര ഗവൺമെൻറ് വരുത്തുന്നുണ്ട്. കൂടുതൽ കാലവിളംബമില്ലാതെ അതു വരുത്തണമെന്നു മാത്രമേ സ്റ്റേറ്റ് ഗവൺമെൻറിനഭിപ്രായമുള്ളു.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: അങ്ങയുടെ നേതൃത്വത്തിൽ തന്നെ വനഭൂമിക്ക് പട്ടയം കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രക്ഷോഭണം നടത്തിയിട്ടുണ്ട്. ആ അവസരത്തിൽ മൂന്നുലക്ഷം ഏക്കർ കൃഷിഭൂമിയുണ്ടായിരുന്നു. 1977 ജനുവരി മാസത്തിനു മുമ്പ് കുടിയേറിപ്പാർത്തവർ തന്നെ രണ്ടുലക്ഷം ആളുകളുണ്ട് എന്നാണ് പ്രഖ്യാപിച്ചത്. ഇത് അനൗദ്യോഗികമായ കണക്കാണ്. റവന്യൂ മിനിസ്റ്റർ അടക്കമുള്ള ആളുകൾ ഇങ്ങനെ പ്രഖ്യാപിച്ചാൽ അതിന് അർദ്ധ ഔദ്യോഗിക സ്വഭാവമുള്ളതായിട്ടല്ലേ കണക്കാക്കുന്നത്. ഇതിൽ പറയുന്നത് 86,136 കുടുംബക്കാർക്ക് കൊടുക്കാനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു എന്നാണ്. അത് 1,14,000 ഏക്കർ ഭൂമിയാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിന്റെയർത്ഥം 1977 ജനുവരി ഒന്നിനുമുമ്പ് കൈവശക്കാരാണെന്ന് അന്നു പറഞ്ഞിരുന്നതിൽ പകുതിയിലധികം പേരെ മലയോരത്തു നിന്ന് അടിച്ചിറക്കാൻ പോകുന്നു എന്നല്ലേ മനസ്സിലാക്കേണ്ടത്. അതാണോ ഇത് നടപ്പാക്കുന്നതുവഴി ഉദ്ദേശിക്കുന്നത് എന്നാണ് വ്യക്തമാക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ്: മൂന്നുലക്ഷം ഏക്കറെന്നും, രണ്ടുലക്ഷം കൃഷിക്കാരെന്നും ഒന്നും പറഞ്ഞതായി ഞാൻ ഓർമ്മിക്കുന്നില്ല. അങ്ങനെയൊരു സ്റ്റേറ്റ്മെന്റ് കൊടുത്തിട്ടുമില്ല. ഒരു ലക്ഷത്തോളം കൃഷിക്കാരാണെന്നാണ് പറഞ്ഞിട്ടുള്ളത്. 1977-ന് മുമ്പ് ഭൂമി കൈവശപ്പെടുത്തിയിട്ടുള്ള ആരേയും ഇറക്കിവിടുകയില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: റിസർവ് വനത്തിനുള്ളിൽ 1977-ന് മുമ്പും അതിനുശേഷവും വനം വെട്ടിത്തെളിച്ച് കൈവശം വച്ച് അനുഭവിക്കുന്ന ആളുകളുണ്ട്. അതെല്ലാം വനമായിട്ടു തന്നെ ഭാവിയിൽ സംരക്ഷിക്കേണ്ടവയാണ്. അങ്ങനെയുള്ള ആളുകളെ അവിടെ നിന്നും ഒഴിപ്പിക്കുന്നതിനും, 1977-ന് മുമ്പ് കുടിയേറിപ്പാർത്തവർക്ക് മറ്റെന്തെങ്കിലും ആംട്ടർനേറ്റീവ് ഏർപ്പാടുകൾ ചെയ്തുകൊടുക്കുന്നതിനും നടപടി സ്വീകരിക്കാൻ യേവുണ്ടാകുമോ?

ശ്രീ. പി. ജെ. ജോസഫ്: അങ്ങനെയുള്ള വളരെ അത്യാവശ്യമുള്ള ഫോക്കസ്സിനെ സംബന്ധിച്ച് ചില ആലോചനകൾ നടക്കുന്നുണ്ട്.

ശ്രീ. എ. കെ. പത്മനാഭൻ: കോഴിക്കോട് ജില്ലയിൽ വർഷങ്ങളായി താമസിച്ചുവരുന്ന ചില ആദിവാസി കുടുംബങ്ങൾക്ക് ഇന്നുവരെ പട്ടയം ലഭിച്ചിട്ടില്ല. അതിന് സാമ്പത്തിക തടസ്സങ്ങൾ ഒന്നുമില്ലതാനും. അത് പരിഗണനയിലിരിക്കുകയാണെന്ന മറുപടിയാണ് ഗവൺമെന്റ് നൽകുന്നത്. അവർക്ക് അടിയന്തിരമായി പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: അത് പ്രത്യേകം നോട്ടീസ് ഉണ്ടെങ്കിലേ പറയാൻ പറ്റുകയുള്ളൂ.

ശ്രീ. സി. എഫ്. തോമസ്: റിസർവ് വനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഏപ്രിൽ അവസാനത്തോടുകൂടി കേന്ദ്രഗവൺമെന്റിന് കൊടുക്കുമെന്നു പറഞ്ഞു. അപ്പോൾ നമ്മുടെ സ്റ്റേറ്റിലെ പ്രശ്നം പൂർണ്ണമായിട്ടും പരിഹരിച്ചു കഴിയുമോ? ലിസ്റ്റ് കംപ്ലീറ്റാകുമോ?

ശ്രീ. പി. ജെ. ജോസഫ്: ചില ഭാഗങ്ങളിൽ കുറേയൊക്കെ പൂർത്തിയാക്കാനുണ്ട്. അതിനുവേണ്ടി കാത്തിരിക്കാതെ ബഹുഭൂരിപക്ഷം കേസ്സിലും വെരിഫിക്കേഷൻ നടത്തിയതുകൊണ്ട് അത് പ്രാഥമിക കാറ്റഗറിയിൽ കൊടുക്കാനാണുദ്ദേശിക്കുന്നത്.

ശ്രീ. എ. സി. ഷൺമുഖദാസ്: ജോയിന്റ് വെരിഫിക്കേഷനിൽ രണ്ടു വകുപ്പുദ്യോഗസ്ഥൻമാർ രണ്ടു രീതിയിൽ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന് റാന്നി നിയോജകമണ്ഡലത്തിലെ ചില കേസ്സുകൾ, ഞാൻ തന്നെ ഗവൺമെന്റിലേക്കയച്ചിട്ടുണ്ട്. ഈ കാര്യത്തിൽ ആരാണ് തീരുമാനം എടുക്കുന്നത്? ഇങ്ങനെയൊരു തർക്കമുണ്ടായാൽ അത് ഉയർന്ന ഉദ്യോഗസ്ഥൻമാർക്ക് വിട്ടുകൊടുത്തിട്ട് ഈ കാര്യത്തിൽ തീരുമാനമെടുക്കാൻ വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ? ഇല്ലെങ്കിൽ ആ നിർദ്ദേശം കൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. ജെ. ജോസഫ്: തർക്കമുള്ള കേസുകളിൽ അപ്പീലിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർക്ക് ഇത് സംബന്ധിച്ചുള്ള പരാതി കൊടുത്താൽ അത് വീണ്ടും വെരിഫിക്കേഷൻ നടത്തുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. കണ്ണൻ: മലബാർ മേഖലയിലുള്ള നിക്ഷിപ്ത വനഭൂമി കൈവശക്കാരെ സംബന്ധിച്ചിടത്തോളം നിയമപരമായ പ്രശ്നങ്ങളുണ്ട്. അത് അടിയന്തിര സ്വഭാവത്തിൽ കൈകാര്യം ചെയ്യുന്ന സമീപനമല്ല ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിട്ടുള്ളത്. രണ്ടാംതരം പൗരൻമാരോടുള്ള സമീപനമാണ് അക്കാര്യത്തിൽ കൈക്കൊണ്ടത്. അതിൽ നിയമപരമായ പ്രശ്നങ്ങളുണ്ടെങ്കിൽപ്പോലും ആറുമാസത്തിനുള്ളിൽ മലബാർമേഖലയിലുള്ള മലയോരങ്ങളിലെ കൈവശഭൂമി എവിടെ എത്ര ഏക്കർ ഉണ്ടെന്നുള്ളതിനെ സംബന്ധിച്ച് ആവശ്യമായ വിവരങ്ങൾ ശേഖരിക്കാൻ കഴിയുമോ? 1977 ജനുവരി മാസം 1-ാം തീയതിക്ക് മുമ്പ് കുടിയേറിയിട്ടുള്ളവർക്ക് പട്ടയം കൊടുക്കാൻ നടപടി സ്വീകരിക്കുമോ.?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): മലബാർ മേഖലയിലെ സ്വകാര്യ വനഭൂമിയിലെ കൈയേറ്റങ്ങളെ സംബന്ധിച്ച് ഇതിനു മുമ്പും നിയമസഭയിൽ ചോദ്യങ്ങൾ വന്നപ്പോഴും മറുപടി പറഞ്ഞിട്ടുള്ളതാണ്. സ്വകാര്യ വനഭൂമി കൈയേറ്റവും റിസർവ്വ് വനഭൂമി കൈയേറ്റവും തമ്മിൽ വ്യത്യാസമുണ്ട്. റിസർവ്വ് വനഭൂമിയിൽ 1977-ന് മുമ്പ് കൈയേറിയവർക്ക് കൊടുക്കണമെന്ന് തീരുമാനിക്കുമ്പോൾ തന്നെ അതിന് മുമ്പ് അവസരം ഉണ്ടായിരുന്നില്ല. മലബാറിലെ സ്വകാര്യ ഭൂമിയിലെ കൈയേറ്റക്കാർക്കാണെങ്കിൽ വനഭൂമി ഏറ്റെടുത്ത് സർവ്വേ പ്രവർത്തനം പൂർത്തിയാക്കുന്ന അവസരത്തിൽ തന്നെ ആ നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ട്രൈബ്യൂണലിനെയും തുടർന്ന് കോടതികളെയും സമീപിക്കുന്നതിനുള്ള അവസരം അവർക്കുണ്ടായിട്ടുണ്ട്. അവിടെ പലർക്കും അങ്ങനെയുള്ള അവസരങ്ങൾ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അതാണ് ഇപ്പോഴത്തെ പ്രശ്നം. അതാണ് പരിശോധിക്കുന്നുണ്ടെന്ന് നേരത്തെ പറഞ്ഞത്.

ശ്രീ. ജി. വരദൻ: சார், மாமலக்கண்டத்தை வனபூமியாக மாற்றுவதற்காக அங்கு 30 வருடகாலமாக விவசாயம் செய்து வந்த ஆயிரக்கணக்கான ஏழை விவசாயி குடும்பங்களை அங்கிருந்து குடிபிறக்கப் போவதாக சொல்கிறார்கள். ஆகையால் அவர்கள் இப்பொழுது சமரம் செய்து வருகிறார்கள். அவர்களுடைய பிரச்சனைக்கு தீர்ப்பு காண்பதற்கு தேவையான நடவடிக்கைகளை எடுக்க அமைச்சர் அவர்கள் முன்வருவார்களா என்று கேட்கிறேன் ?

ശ്രീ. പി. ജെ. ജോസഫ്: മാമലക്കണ്ടത്തിലെ കൃഷിക്കാരുടെ കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

ശ്രീ. സി. ടി. കൃഷ്ണൻ: പാലക്കാട് ജില്ലയിലും മലബാർ പ്രദേശത്തും ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിട്ടില്ലെന്ന് പറഞ്ഞു. നേരത്തെ തന്നെ ഇവിടെ പറഞ്ഞിട്ടുള്ളതാണ്. കിഴക്കാഞ്ചേരി, വണ്ടാഴി പഞ്ചായത്തുകളിൽ ആയിരക്കണക്കിന് മലയോര കർഷകർക്ക് പട്ടയം കൊടുക്കാനുണ്ട് എന്ന്. ഇടയ്ക്കിടയ്ക്ക് വനം വകുപ്പ് ഉദ്യോഗസ്ഥൻമാർ അവരുടെ വിളകളെല്ലാം നശിപ്പിച്ച് കൊണ്ടിരിക്കുകയാണ്. അവിടെ എന്തുകൊണ്ടാണ് ജോയിന്റ് വെരിഫിക്കേഷൻ നടത്താത്തത്? ജോയിന്റ് വെരിഫിക്കേഷൻ നടത്തുമോ? അവർക്ക് പട്ടയം കൊടുക്കാൻ ഈ ഗവൺമെന്റ് എന്തെങ്കിലും ചെയ്യുന്നുണ്ടോ? പാലക്കാട് ജില്ലയിൽ മന്ത്രിയുടെ പാർട്ടിക്ക് ഭൂരിപക്ഷമില്ലാത്തതുകൊണ്ടാണോ ഈ അവഗണന കാണിക്കുന്നത്? ഇത് പല പ്രാവശ്യം ഇവിടെ പറഞ്ഞിട്ടും ഒരു നടപടിയും ബഹുമാനപ്പെട്ട മന്ത്രി എടുക്കുന്നില്ല. പട്ടയം കൊടുക്കാൻ എന്തെങ്കിലും നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ്: കിഴക്കാഞ്ചേരി പഞ്ചായത്തിലെ പട്ടയത്തിന്റെ പ്രശ്നം ശ്രീ. കൃഷ്ണനു തന്നെ അറിവുള്ളതാണു്. പാലക്കാടു് കളക്ടറേറ്റിൽ വച്ചു് തന്നെ അതിന്റെ എല്ലാ ഉന്നതരായ അധികാരികളുമായിട്ടു് ചർച്ച നടത്തി. ഫൈനൽ റിപ്പോർട്ടിനു് വേണ്ടി ഓഫീസറെ തന്നെ ഏൽപ്പിച്ചിരിക്കുകയാണു്. ആ കാര്യത്തിൽ ഏറ്റവും വേഗം തീരുമാനമുണ്ടാക്കാൻ കഴിയുമെന്നാണു് കരുതുന്നതു്.

ശ്രീ. ഇ. കെ. നായനാർ: 140,000 ഏക്കർ സ്ഥലത്തിന്റെ വെരിഫിക്കേഷൻ കഴിഞ്ഞു എന്നാണു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്. ഇടുക്കി ജില്ലയിൽ അൻപതിനായിരത്തോളം പേർക്കു് ഇനിയും പട്ടയം കിട്ടാനുണ്ടെന്നാണു് എനിക്കു് കിട്ടിയ റിപ്പോർട്ടു്. കേന്ദ്രഗവൺമെന്റു് എത്രയെണ്ണത്തിനു് അനുമതി നൽകി? എത്ര കൊടുക്കാൻ ബാക്കിയുണ്ടു്. ഇനി എപ്പോൾ കൊടുത്തു് തീർക്കും?

ശ്രീ. പി. ജെ. ജോസഫ്: ഇതിനു് ഞാൻ നേരത്തെ മറുപടി പറഞ്ഞതാണു്. ഒന്നുകൂടി പറയാം. ഇതിന്റെ ഫൈനൽ റിപ്പോർട്ടു് കേന്ദ്രഗവൺമെന്റിനു് ഏപ്രിൽ മാസത്തിൽ കൊടുക്കുന്നതാണു്. ആദ്യം അയച്ച റിപ്പോർട്ടിനേക്കാൾ കൂടുതൽ വിശദീകരണങ്ങൾ വച്ചുകൊണ്ടു് ഒരു റിപ്പോർട്ടു് തയ്യാറാക്കി അടുത്ത മാസത്തിൽ കൊടുക്കുന്നതാണു്.

ശ്രീ. ഇ. കെ. നായനാർ: ഇടുക്കിയിൽ അൻപതിനായിരത്തോളം പേർക്കു് കൊടുക്കാൻ ബാക്കിയുണ്ടു്. അതിൽ ആർക്കെങ്കിലും കൊടുക്കുമോ? ഇനി എപ്പോൾ കൊടുക്കും?

ശ്രീ. പി. ജെ. ജോസഫ്: അനുവാദം കിട്ടുന്ന മുറയ്ക്കു് കൊടുക്കുന്നതാണു്.

ശ്രീ. സി. കെ. തങ്കപ്പൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേട്ടപ്പോൾ ഹരിജനങ്ങളെ പ്രധിനിധീകരിച്ചു് ഈ സഭയിൽ വന്ന എനിക്കു് ഉൽക്കണ്ഠയാണു് ഉണ്ടായതു്, 1,14,700 ഏക്കർ ഭൂമി പതിച്ചു് കൊടുക്കാൻ ഉദ്ദേശിക്കുന്നു എന്നു് പറഞ്ഞു. അതിൽ 40 ശതമാനം ഭൂമി കേരളത്തിലെ ലക്ഷക്കണക്കിനു് വരുന്ന പാർപ്പിടമില്ലാത്ത ജനങ്ങൾക്കു് കൊടുക്കാമെന്നു് സഭയ്ക്കു് ഉറപ്പു് നൽകാൻ കഴിയുമോ?

ശ്രീ. പി. ജെ. ജോസഫ്: കൈവശക്കാർക്കു് പട്ടയം കൊടുക്കുന്നതിനുള്ള നടപടികളാണു് സ്വീകരിക്കുന്നതു്. ഇനി ഭൂമി പതിച്ചു് കൊടുക്കുമ്പോൾ ഈ കുറവു് നികത്തി ഹരിജനങ്ങൾക്കു് കൊടുക്കാൻ നടപടി സ്വീകരിക്കുമോ എന്നാണു് ശ്രീമാൻ കെ. കെ. ബാലകൃഷ്ണൻ ചോദിച്ചതു്. ആ നിർദ്ദേശം തീർച്ചയായിട്ടും പരിഗണിക്കുന്നതാണെന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. എ. ജോർജ്: റവന്യൂ ഡിപ്പാർട്ടുമെന്റും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും കൂടി ചേർന്നു് വെരിഫിക്കേഷൻ കഴിഞ്ഞതിനു് ശേഷം 1977-നു് മുമ്പുള്ള കൃഷിഭൂമിയാണു് എന്ന റിപ്പോർട്ടു് അയച്ചതിനു് ശേഷം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റു് ഏകപക്ഷീയമായി, ആ റിപ്പോർട്ടു് ക്യാൻസൽ ചെയ്തു് അവിടെ കൃഷിക്കാരെ കുടിയിറക്കിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ അങ്ങനെ ശ്രദ്ധയിൽ പെടുത്തിയാൽ വേണ്ട നടപടികളും സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: അങ്ങനെയൊരു പ്രശ്നം ശ്രദ്ധയിൽ വന്നിട്ടില്ല. അങ്ങനെയുള്ള തർക്കമുണ്ടായാൽ അതു് പരിശോധിക്കുന്നതിനുള്ള ഏർപ്പാടുകളുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി കെ. ചക്രപാണി: മന്ത്രിപറഞ്ഞു ഒരു വർഷത്തിന് മുമ്പ് ഒരു പാർഷ്യൽ റിപ്പോർട്ട് അയച്ചുവെന്നും ആ റിപ്പോർട്ട് മടങ്ങി വന്നുവെന്നും. ഒരു ഫൈനൽ റിപ്പോർട്ട് ഏപ്രിൽ മാസം അയയ്ക്കാൻ പോകുന്നുവെന്നും പറഞ്ഞു. ഇതിന് മുമ്പ് പട്ടയം നൽകുന്നതിന് തടസമോ അല്ലെങ്കിൽ ഉടക്കോ ഉണ്ടാക്കുന്നത് കേന്ദ്രഗവൺമെൻറാണെന്ന ഒരു വിമർശനമോ അല്ലെങ്കിൽ ആരോപണമോ ഉണ്ടായിരുന്നു. ആ വിമർശനമോ ആരോപണമോ ഇന്ന് നിലനിൽക്കുന്നുണ്ടോ?

ശ്രീ. പി. ജെ. ജോസഫ്: കേന്ദ്രം ആവശ്യപ്പെട്ട വിശദീകരണങ്ങൾ ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കയാണ്. അത് പരിശോധിച്ചതിന് ശേഷം അനുകൂലമായ തീരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. കെ. കെ. ബാവ: മലയോര പട്ടയ വിതരണത്തോടൊപ്പം തന്നെ തീരദേശ പ്രദേശങ്ങളിലും പട്ടയത്തിന് വേണ്ടി കാത്തിരിക്കുന്ന പാവപ്പെട്ട ആളുകൾക്ക് പട്ടയം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: തീരപ്രദേശങ്ങളിൽ വളരെയധികം ആളുകൾക്ക് ഇതിനോടകം പട്ടയം കൊടുത്ത് കഴിഞ്ഞിട്ടുണ്ട്. ആ നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണ്. ആദ്യം അഞ്ച് സെൻറിൽ താഴെ കൈവശമുള്ളവർക്കാണ് കൊടുത്തത്. ഇപ്പോൾ അത് 15 സെൻറ് വരെയാക്കി ഉയർത്തിയിട്ടുണ്ട്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: നമ്മുടെ ഐ. വി. ശശിയുടെ 'വാർത്ത' എന്ന സിനിമയിൽ റവന്യൂമന്ത്രിയുടെ വേഷമിട്ടിരിക്കുന്ന കഥാപാത്രമായ ആ മന്ത്രി ഫോറസ്റ്റ് മിനിസ്റ്ററുടെ കുത്തിത്തിരുപ്പുമൂലം അനുഭവിക്കുന്ന ധർമ്മസങ്കടം കണ്ടിട്ടാണ് ഈ റവന്യൂമന്ത്രി പട്ടയം കൊടുക്കാത്തത് എന്ന് പറഞ്ഞാൽ സത്യമാണോ?

ശ്രീ. പി. ജെ. ജോസഫ്: ഇത് വളരെ അടിസ്ഥാനരഹിതമായ ഒരു പരാമർശമാണ്.

ശ്രീ. വി. സുരേന്ദ്രൻ പിള്ള: മലബാറിലെ സ്വകാര്യ വന ഭൂമിക്ക് പട്ടയം കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച് സംസാരിച്ചപ്പോൾ ഇവിടെ വനംവകുപ്പുമന്ത്രി മറുപടി പറഞ്ഞു ഇത് സ്വകാര്യ വനം കയ്യേറ്റം ചെയ്തതാണെന്ന്. സ്വകാര്യ വ്യക്തികളുടെ ഭൂമി വിലകൊടുത്ത് വാങ്ങിച്ച് അവിടെ കുടിയേറി പാർത്ത് താമസിക്കുന്ന കർഷകർക്ക് പട്ടയം കൊടുക്കണമെന്ന് പറഞ്ഞപ്പോൾ അവരെ കയ്യേറക്കാരാണെന്ന് താറടിച്ച് കാണിക്കുകയാണ്. കുടിയേറക്കാർക്ക് പട്ടയം കൊടുക്കണമെന്ന് പറയുന്നതിനു പകരം അവരെ കയ്യേറക്കാർ എന്നുകൂടി പറയുന്നത് ശരിയാണോ? അതുകൊണ്ട് കയ്യേറക്കാർ എന്നു പറഞ്ഞ് അവരെ താറടിച്ച് കാണിക്കാതെ കുടിയേറക്കാരാണെന്ന് ഗവൺമെൻറിനെങ്കിലും തോന്നിതുടങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: നിയമാനുസൃതമായിട്ടുള്ള പരിരക്ഷ കിട്ടാതെ വന്നിട്ടുള്ള വർഷങ്ങളായി കൈവശമുള്ളവരുടെ കാര്യം പ്രത്യേകം പരിശോധിച്ചുകൊണ്ടിരിക്കുന്നു എന്നുതന്നെയാണ് വനംവകുപ്പ് മന്ത്രി ഇവിടെ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ജിനദേവൻ : ജോയിൻറ് വെരിഫിക്കേഷൻ ആവശ്യമി
മില്ലാത്ത ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിലും മറ്റുമുള്ള സി.എച്ച്. ആറിൽപ്പെട്ട കൈവശ കൃഷിക്കാർക്ക് പട്ടയം കൊടുക്കുന്നതിനുള്ള തടസ്സം എന്താണ്? ഇടുക്കി ജില്ലയിലെ പട്ടയ നടപടികൾ ഹൈക്കോടതിയിൽ നിന്നും സ്റേ ചെയ്തിട്ടുണ്ടെന്ന് പറയുന്നത് ശരിയാണോ? സ്റേ പിൻവലിക്കുന്നതിന് വേണ്ടി ഗവൺമെൻറ് കാര്യമായിട്ടുള്ള നടപടി യിലേക്ക് നീങ്ങിയിട്ടില്ല എന്ന് പറയുന്നത് ശരിയാണോ?

ശ്രീ. പി. ജെ. ജോസഫ്: തടസ്സമില്ലാത്ത വനഭൂമിയിൽ കഴിഞ്ഞ വർഷം പട്ടയം കൊടുത്തുകൊണ്ടിരുന്ന സന്ദർഭത്തിൽ ഹൈക്കോടതിയിൽ ഒരാൾ പെറ്റീഷനുമായിട്ടുപോയി. ഇടുക്കി ജില്ലയിലെ ഒരു ഭൂമിക്കും പട്ടയം കൊടുക്കരുതെന്നുള്ള ഉത്തരവ്. ഹൈക്കോടതി പുറപ്പെടുവിച്ചിരി ക്കുകയാണ്. അത് വെക്കേറ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ: എം. വി. മാണി: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഉത്തരം നൽ കിയപ്പോൾ ആദ്യം അയച്ച ലിസ്റ്റ് ചില സംശയങ്ങളും വിശദീകരണങ്ങളും ചോദിച്ചുകൊണ്ട് മടക്കി അയച്ചിരിക്കുന്നു എന്നാണ് പറഞ്ഞത്. ഏതെല്ലാം കാര്യത്തിലാണ് സംശയങ്ങളും വിശദീകരണങ്ങളും ചോദിച്ച തെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. ജെ. ജോസഫ്: പ്രൊഫോർമയിൽ പറഞ്ഞിട്ടുള്ളതുപോലെ മാപ്പും അതിൻെറ കൂടെ വിശദാംശങ്ങളുമാണ് കേന്ദ്രഗവൺമെൻറിൽ നിന്നും ചോദിച്ചത്. ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറും റവന്യൂ ഡിപ്പാർട്ടുമെൻറും കൂടി വിശദീകരണങ്ങളും മുഴുവൻ തയ്യാറാക്കി ഏപ്രിൽ മാസത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് ഞാൻ നേരത്തെ തന്നെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ജോയിൻറ് വെരിഫിക്കേഷൻ നട പടികൾ നീണ്ടുപോകുന്നതിൻെറ ഫലമായി ധാരാളം തിരിമറികൾ നടക്കാൻ സാദ്ധ്യതയുണ്ടെന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കൈവശക്കൃഷിക്കാരിൽ ഒരാൾക്ക് പരമാവധി പതിച്ചുകൊടുക്കാൻ പോകുന്ന ഭൂമി എത്ര ഏക്കറാണെന്നാണ് ഗവൺമെൻറ് നിജപ്പെടുത്തിയിട്ടുള്ളത്?

ശ്രീ. പി. ജെ. ജോസഫ്: ഇപ്പോഴത്തെ ലാൻഡ് അസൈൻമെൻറ് റൂൾ അനുസരിച്ച് പരമാവധി പതിച്ചുകൊടുക്കാവുന്ന ഭൂമി നാല് ഏക്കറാണ്.

ശ്രീ. കെ. പി. രാമൻ: പട്ടികജാതി–പട്ടികവർഗ്ഗക്കാരിൽപ്പെട്ട പലർക്കും പട്ടയം കിട്ടാതെ പ്രയാസപ്പെടുമ്പോൾ അവരിൽ പലരുടെയും ഇന്നുള്ള പട്ടയം തട്ടിയെടുക്കുന്നതിന് പലരും ശ്രമം നടത്തുന്നത് തടയുന്നതിനു വേണ്ടി ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. പി. ജെ. ജോസഫ്: പ്രത്യേകമായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി കൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: പത്തനംതിട്ട ജില്ലയിലെ വെരിഫിക്കേഷൻ നടപടികളും ഇതുവരെ പൂർത്തിയായിട്ടില്ലെന്നു മന്ത്രി ഇവിടെ പറഞ്ഞു. വളരെ സങ്കീർണ്ണങ്ങളായ നിരവധി പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ പല പ്രക്ഷോഭണങ്ങളും സമരങ്ങളും ഇക്കഴിഞ്ഞ നടന്ന സാഹചര്യത്തിൽ ജോയിന്റ് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് കർഷകരുടെ വിവിധ സംഘടനകളെക്കൂടി ഉൾപ്പെടുത്തി ആ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കി വളരെ വേഗത്തിൽ ജോയിന്റ് വെരിഫിക്കേഷൻ പ്രവർത്തനങ്ങളും പൂർത്തിയാക്കാനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ്: പത്തനംതിട്ട ജില്ലയിൽ പകുതി സ്ഥലങ്ങളിൽമാത്രമേ വെരിഫിക്കേഷൻ നടപടികളും പൂർത്തിയായിട്ടുള്ളൂ. ബാക്കിയുള്ള സ്ഥലങ്ങളിൽ തീർച്ചയായിട്ടും കൃഷിക്കാരുടെ അഭിപ്രായങ്ങളും പരിഗണിക്കുന്നതാണ്. എന്നാൽ വെരിഫിക്കേഷനെ സംബന്ധിച്ച് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ തന്നെയായിരിക്കും അത് നടത്തുന്നത്.

(ചോദ്യം 72 ചോദിച്ചില്ല).

## കളക്ഷൻ ബാറ

* 68 [73] ശ്രീ. കെ. രാഘവൻ മാസ്റ്റർ:
,, സി. വാസുദേവമേനോൻ:
,, പി. കെ. കെ. ബാവ:
,, കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരളാ സ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നുമുതൽക്കാണ് കളക്ഷൻബാറ ഏർപ്പെടുത്തിയത്;

(ബി) ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കോർപ്പറേഷൻ കളക്ഷൻബാറ ഏർപ്പെടുത്തിയത് എന്തു ലക്ഷ്യത്തോടെയായിരുന്നു;

(ഡി) ഈ ലക്ഷ്യം നേടാൻ കഴിയുന്നുണ്ടോ;

(ഇ) കളക്ഷൻ ബാറ ഏർപ്പെടുത്തിയതിനുശേഷം ശരാശരി വരുമാനം വർദ്ധിച്ചുവോ;

(എഫ്) ഉണ്ടെങ്കിൽ എത്ര വീതം;

(ജി) കളക്ഷൻ ബാറ ഇനത്തിൽ ജീവനക്കാർക്ക് കൊടുത്ത സംഖ്യ എത്ര ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ):

(എ). 15-2-1986 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ കളക്ഷൻ ബാറ ഏർപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly